LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS OF THE KERALA LEGISLATIVE ASSEMBLY

Second Session—1969

(Second Meeting)

Monday the 6th October, 1969

Vol. XXV] OFFICIAL REPORT [No. 18

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Monday, the 6th October, 1969, with Mr. Speaker in the chair.

(*The number within brackets indicates the number in the list of admitted questions for the Session.*)

1. STATEMENT BY THE SPEAKER

മി. സ്പീക്കർ: ഓർഡർ, ഓർഡർ.....

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ): കാസ്റ്റ്യൻ തുടങ്ങുന്നതിനു മുമ്പ് എനിക്കു് .....

മി. സ്പീക്കർ: ഞാനൊരു കാര്യം പറഞ്ഞോട്ടെ. ബഹുമാനപ്പെട്ട സഭാ മെമ്പറന്മാക്കു് അറിയാവുന്നതുപോലെ ഈ സഭയിലെ ഒരു ബഹുമാനപ്പെട്ട മെമ്പർ ഭരണകക്ഷിയിലെ ഒരു മെമ്പറായ ശ്രീ. പി. ഗോവിന്ദപിള്ള എന്നെ ഈ സ്ഥാനത്തു നിന്നും നീക്കം ചെയ്യണമെന്നുള്ള നിലയിൽ ഭരണഘടനാപരമായ ഒരു നോട്ടീസ് ഇവിടെ നൽകിയിരിക്കുകയാണു്. ആ നോട്ടീസിനെ സംബന്ധിച്ചിടത്തോളം ഒരു തീരുമാനം എടുക്കണമെങ്കിൽ 14 ദിവസത്തെ ഭരണഘടനാപരമായ നോട്ടീസ് വേണം. എന്റെ നിഷ്പക്ഷതയെ ചോദ്യം ചെയ്തുകൊണ്ടും ഈ സഭയുടെ അവകാശലംഘനം നടത്തിയെന്നുള്ള കാര്യവും പ്രമേയത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണു്. ഭരണകക്ഷിയിലെ ലീഡർ ഓഫ് ദി ഹൗസിന്റെ പാർട്ടിയിൽപ്പെട്ട ഒരു മെമ്പർ എന്റെ നിഷ്പക്ഷതയെ ചോദ്യം ചെയ്തുകൊണ്ടു് നോട്ടീസ് നൽകിയിരിക്കുന്ന സ്ഥിതിക്കും പതിനാലു ദിവസം കഴിഞ്ഞു മാത്രമേ ഭരണഘടനാപരമായി എടുക്കുവാൻ സാധിക്കുകയുള്ളു എന്നുള്ളതുകൊണ്ടും സഭാ നടപടികൾ തുടർന്നു ബഹു: ഡെപ്യൂട്ടി സ്പീക്കറുടെ ചുമതലയിൽ നടത്തുകയായിരിക്കും നല്ലതെന്നാണു് ഞാൻ കരുതുന്നതു്.

[Deputy Speaker occupied the Chair]

ശ്രീ. എം. രാമുണ്ണി: സർ, വെള്ളിയാഴ്ച ഇവിടെ നടന്ന കാര്യങ്ങളെപ്പറ്റി ഞങ്ങൾക്കു ചർച്ച ചെയ്യണമെന്ന വിചാരമുണ്ടു്. ഇവിടെ ഒരു പോയിന്റു ചെയ്തിട്ടും അതു എടുത്തിട്ടില്ല. പലകാര്യങ്ങളും പറയുവാനുണ്ടു്. അതിനു സൗകര്യം തരണം.

ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ ചോദ്യോത്തരസമയത്തു.....

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ചോദ്യോത്തര സമയത്തിനുമുമ്പുള്ള കാര്യമാണു്. ഇപ്പോഴാണു് അതു പറയേണ്ടതു്. സർ, ഇവിടെ ടേപ്പു റിക്കാർഡിംഗ് സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണു്.

ശ്രീമതി കെ. ആർ. ഗൗരി: ചോദ്യോത്തര സമയം കഴിഞ്ഞതിനുശേഷം മെമ്പറന്മാർക്കു് ആവശ്യമുള്ള കാര്യങ്ങളും ഉന്നയിക്കാവുന്നതാണു്.

2. QUESTIONS AND ANSWERS

(i) ORAL ANSWER

കേന്ദ്രം കേരളത്തിനു നൽകിയ അരിയും ഗോതമ്പും

* 216 [772] ശ്രീ. കെ. എം ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗത മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969 ജൂലൈ, ആഗസ്റ്റു്, സെപ്തംബർ മാസങ്ങളിൽ കേന്ദ്രം കേരളത്തിനു എത്ര അരിയും ഗോതമ്പും എത്തിച്ചു തന്നു;

(ബി) ഇപ്രകാരം എത്തിച്ചുതന്നതു് ഈ കാലത്തേക്കു വാഗ്ദാനം ചെയ്തതിൽ കൂടുതലാണോ, കുറവാണോ;

(സി) റേഷൻ അരിയുടെ അളവു കുറയ്ക്കുവാൻ ഗവണ്മെന്റു് ആലോചിക്കുന്നുണ്ടോ ?

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ):

(എ) 1969 ജൂലൈ, ആഗസ്റ്റു്, സെപ്തംബർ എന്നീ മാസങ്ങളിൽ കേന്ദ്രം തന്ന അരിയുടെ കണക്കുകളും താഴെ പറയും പ്രകാരമാണു്.

1969 ജൂലൈ മാസത്തിൽ 62,449 ടൺ.
1969 ആഗസ്റ്റു് മാസത്തിൽ 86,953 ടൺ.
1969 ഒക്ടോബർ 25-ാം തീയതി വരെ 62,021 ടൺ.

മേൽപ്പറഞ്ഞ ഓരോമാസത്തിലും 15,300 ടൺ ഗോതമ്പു വീതം വിഹിതമായി നൽകിയിട്ടുണ്ടു്.

(ബി) ഈ കാലത്തേയ്ക്കു് കേന്ദ്രം കേരളത്തിനു അരിയുടെ പ്രതിമാസ അലോട്ടുമെന്റു വാഗ്ദാനം ചെയ്തിട്ടില്ല. ഗോതമ്പു് കേന്ദ്രം അലോട്ടു ചെയ്യുന്നതനുസരിച്ചു ലഭിക്കുന്നുണ്ടു്.

(സി) റേഷൻ അരിയുടെ അളവു കുറയ്ക്കുവാൻ ഗവണ്മെന്റു ആലോചിക്കുന്നുണ്ടോ എന്നുള്ള ചോദ്യത്തിനു ഇപ്പോഴത്തെ സ്റ്റാക്കു നില കണക്കാക്കിയതിൽ അടുത്ത 18-10-1969 വരെ മുഴുവൻ റേഷൻ അതായതു് പ്രായപൂർത്തി വന്ന ഒരാളിനു പ്രതിദിനം 160 ഗ്രാം അരിയും 160 ഗ്രാം ഗോതമ്പും നൽകുന്നതിനു തീരുമാനിച്ചിട്ടുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജ്: കേന്ദ്രത്തിൽ നിന്നും ഈ മൂന്നു മാസങ്ങളിലേയ്ക്കു് കിട്ടിയ അരി ഇനി വരാൻ പോകുന്ന മാസങ്ങളിലേയ്ക്കു് എത്ര കിട്ടുമെന്നു അറിയാതെ മുഴുവനും വിതരണം ചെയ്യുകയാണോ ചെയ്തതു്. ഇതിനുമുമ്പും അങ്ങനെയാണോ ചെയ്യാറുള്ളതു് ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇതിനുമുമ്പു ഇത്ര അലോട്ടു ചെയ്തിരിക്കുന്നു എന്നു കണക്കുകൾ പറയാറില്ല. ആകപ്പാടായിട്ടു തരുന്നതു മാത്രം പ്രസിദ്ധം

LIBRARY ARCHIVES Kerala Legislative Assembly